ശ്രീ. പാമ്പ തളിയത്തു് : ഈ കേസ് നടത്തുന്നതിനു് ഹൈക്കോടതിയിൽ ആരെയാണു് ചുമതലപ്പെടുത്തിയിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള : അതിനെ സംബന്ധിച്ചു് അവസാന തീരുമാനം ചെയ്തിട്ടില്ല. ഇതിനുമുമ്പു് കീഴ്ക്കോടതിയിൽ കേസ് നടത്തിക്കൊണ്ടിരുന്ന ആളുതന്നെ ഹൈക്കോടതിയിലും കേസ് നടത്തണമെന്നാണു് നിശ്ചയിച്ചിരിക്കുന്നതു്. എന്നാൽ ഏതെങ്കിലും കാരണവശാൽ അദ്ദേഹത്തിനു സൗകര്യമില്ലാതെവരുന്നപക്ഷം അഡ്വക്കേറ്റ് ജനറലായിരിക്കും കേസ് നടത്തുന്നതു്.

ശ്രീ. സി. വി. ഐപ്പു : അഞ്ചേരലക്ഷകേസെന്നുള്ളതു് പിന്നീടു് ഉണ്ടായിട്ടുള്ള ചിലവും കൂടിചേർത്തു ഇപ്പോൾ ആറരലക്ഷ കേസ് എന്നു വിളിക്കാറായിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള : സൗകര്യംപോലെ വിളിക്കുന്നതിൽ തെറ്റില്ല.

(Question No. 23 was not put)

CAUSTIC SODA PLANT

***888. [24] Sri. Paul Thaliath :** Will the Hon'ble Minister for Industries be pleased to state.—

(*a*) whether the Government have any share in the new caustic soda plant that is being erected near the Fertilizer and Chemical Factory at Eloor;

(*b*) if so the extent of the share or interest the Government have in that concern;

(*c*) the estimated expenditure to complete the erection and to bring the plant under production stage;

(*d*) the amount if any so far advanced by the Government; and

(*e*) the terms under which that advance was made ?

***Minister for Industries, Excise and Local Self Government* (Sri. N. Kunjuraman) :**

(*a*) Yes.

(*b*) This has not been settled, but is under discussion.

(*c*) Rs. 60 lakhs.

(*d*) Rs. 10 lakhs as loan.

(*e*) At 4 1/2 per cent interest and on the security of the caustic soda plant.

ഹൈക്കോട്ട് ജഡ്ജിമാർ

*൮൫൯. (൨ ൫) ശ്രീ. അലക്സാണ്ടർ വാകയിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഹൈക്കോട്ടിലെ ഇപ്പോഴത്തെ ജഡ്ജിമാർ ആരെല്ലാമാണു്;

(ബി) മി. മാത്യു മുരിക്കൻ എന്നാണു് ജഡ്ജി സ്ഥാനത്തുനിന്നും വിരമിച്ചതു്;

(സി) അതിനുള്ള കാരണങ്ങൾ എന്താണു്;

(ഡി) അദ്ദേഹത്തിനു് വേറെ ഏതെങ്കിലും ഉദ്യോഗമോ, മൊത്തമായി എന്തെങ്കിലും സംഖ്യയോ കൊടുക്കുകയുണ്ടായോ?

LIBRARY ARCHIVES Kerala Legislative Assembly